(ഇ) ഭാഗ്യക്കുറി നിരോധിക്കാൻ കേന്ദ്രം വീണ്ടും ഒരുങ്ങുന്നതിനെതിരെ സംബന്ധിച്ച് എന്തെങ്കിലും വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)എങ്കിൽ ഇതിൻമേൽ ഗവണ്മെന്റിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൈരളി, സൗഭാഗ്യം, പെരിയാർ, മാവേലി എന്നീ പ്രതിവാര ലോട്ടറികളും, കൈരളിയുടെ പ്രത്യേക ബംബർ, സൂപ്പർ ബംബർ ലോട്ടറികളും സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ കീഴിൽ നടത്തിവരുന്നു.

(ബി) ഭാഗ്യക്കുറിവകുപ്പിൽ 459 ജീവനക്കാരും 32000 ത്തോളം അംഗീകൃത ഏജന്റുമാരും അവരെ ആശ്രയിച്ച് കഴിയുന്ന 2½ ലക്ഷത്തോളം വില്പനക്കാരും മറ്റു തൊഴിലാളികളുമുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ഉണ്ട്.

(എഫ്)ലോട്ടറി നിരോധനത്തോട് സംസ്ഥാന സർക്കാരിനു യോജിപ്പില്ലായെന്നും ലോട്ടറി നിരോധിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.

28 (316) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃസംഘടന

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃസംഘടനയെപ്പറ്റി പഠിക്കാൻ നിയോഗിച്ചിരുന്ന പി.ആന്റ്.എ.ആർ.ഡി. വകുപ്പിന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ അധിക ജോലി ഭാരവും സ്റ്റാഫിന്റെ അപര്യാപ്തതയുംമൂലം വകുപ്പ് നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വകുപ്പിന്റെ ആഭ്യന്തര പ്രവർത്തനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് ആയതിനാൽ കോപ്പി ലഭ്യമാക്കുവാൻ കഴിയുകയില്ല.

(സി) പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ അധിക ജോലിഭാരവും, സ്റ്റാഫിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് 15.5.98 ലെ ജി.ഒ. (എം.എസ്) 1459/98/ധന. ഉത്തരവ് പ്രകാരം 132 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 11.8.98 ലെ ജി.ഒ. (എം.എസ്) 1871/98/ധന. ഉത്തരവ് പ്രകാരം ഓഡിറ്റിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ ടി.എ. സീലിംഗിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

29 (317) ലോക്കൽ ഫണ്ട് ഓഡിറ്റിംഗും കണക്കുകളും

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് പ്രാബല്യത്തിൽ വന്നപ്പോൾ നിലവിലുണ്ടായിരുന്നതിനു പുറമേ ഏതൊക്കെ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരമാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഓഡിറ്റിന് അധികാരപ്പെടുത്തപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുടെ ഏതൊക്കെ വർഷംവരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ആക്ടിന്റെ പരിധിയിൽപ്പെട്ടിട്ടും ഇനിയും ഓഡിറ്റ് ആരംഭിക്കാത്ത ഏതൊക്കെ സ്ഥാപനങ്ങൾ ഉണ്ടെന്നും അവയുടെ കണക്കുകൾ ഏതു വർഷം വരെ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഈ സ്ഥാപനങ്ങളിലെ ഓഡിറ്റ് ആരംഭിക്കാതിരിക്കാതിരിക്കാനുള്ളതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)
1. ജില്ലാ പഞ്ചായത്തുകൾ
2. ബ്ലോക്ക് പഞ്ചായത്തുകൾ
3. കണ്ണൂർ യൂണിവേഴ്സിറ്റി
4. ശ്രീ ശങ്കരാ യൂണിവേഴ്സിറ്റി, കാലടി
5. കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം
6. കേരള അർബൻ ഡവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ
7. കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി
8. കേരളാ പഞ്ചായത്ത് അസോസിയേഷൻ ഫണ്ട്
9. കേരളാ ചുമട്ടുതൊഴിലാളി ക്ഷേമനിധി
10. കേരള ഖാദി തൊഴിലാളി ക്ഷേമനിധി
11. കേരളാ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി
12. കേരള കയർ തൊഴിലാളി ക്ഷേമനിധി
13. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി
14. ടോഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട്
15. ലേബർ വെൽഫെയർ ഫണ്ട്
16. കൈത്തറി തൊഴിലാളി ക്ഷേമനിധി
17. കർഷക തൊഴിലാളി ക്ഷേമനിധി
18. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി
19. കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly